Draft #2 of File 77887/CONTENT.MGMT 1/2021/CMS Approved by ASSISTANT REGISTRAR V (ADMIN) on 25-May-2021 03:29 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയുടെ വെബ്സൈറ്റ് നവീകരണം സംബന്ധിച്ച് 22.04.2021, 3.00 pm-ന് ബഹു. വൈസ്- ചാൻ സലരുടെ അദ്ധ്യക്ഷതയിൽ കൂടിയ ഓൺലൈൻ യോഗത്തിൻറെ ശുപാർശകൾ- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ**

നമ്പർ. 2519/CMS/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 25.05.2021

---

*പരാമർശം:*-(1). Quotation Notice No: CMS/1/WEBSITE-REVAMP/2021, dated 06.03.2021.
(2). പ്രവൃത്തി ഉത്തരവ് No: 63008/Cont Mgmt-2/2021/CMS, തീയ്യതി 19.04.2021.
(3). 08.05.2021 തീയതിയിലെ വൈസ്-ചാൻസലരുടെ ഉത്തരവ്.

**ഉത്തരവ്**

സർവകലാശാലയുടെ വെബ്സൈറ്റ് നവീകരണത്തിനായി പരാമർശം (1) പ്രകാരം കൊട്ടേഷനുകൾ ക്ഷണിക്കുകയും, 3 സ്ഥാപനങ്ങൾ കൊട്ടേഷനുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. ഏറ്റവും കുറവ് തുക കോട്ട് ചെയ്ത M/s.IPSR Solutions, Kottayam എന്ന സ്ഥാപനത്തിന് ടി ജോലി നിർവഹിക്കുവാൻ പരാമർശം (2) പ്രകാരം പ്രവൃത്തി ഉത്തരവ് നൽകിയിരുന്നു. ടി സ്ഥാപനം നിർമിച്ച വെബ്സൈറ്റിൻറെ ഡെമോ കണ്ടൻറ്മാനേജ്മെൻറ് സെക്ഷൻറെ സെക്ഷൻ ഓഫീസർ പ്രസ്തുത മീറ്റിംഗിൽ അവതരിപ്പിക്കുകയും, വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന കാര്യങ്ങൾ യോഗം ശുപാർശ ചെയ്തു. .

1. വെബ്സൈറ്റിൻറെ ഹോം പേജിലുള്ള പുറം തിരിഞ്ഞു നിൽക്കുന്ന ഗാന്ധിജിയുടെ സ്കെച്ചിന് പകരം മുന്നോട്ടു തിരിഞ്ഞു നിൽക്കുന്ന സ്കെച്ച് സർവകലാശാലയിലെ ഏതെങ്കിലും ജീവനക്കാരെ കൊണ്ട് വരപ്പിച്ച് പ്രദർശിപ്പിക്കുവാൻ യോഗം ശുപാർശ ചെയ്തു.

2. സ്റ്റുഡൻറ്സ് കോർണർ എന്നൊരു ഐക്കൺ ഹോം പേജിൽ തന്നെ പ്രദർശിപ്പിക്കുവാനും അതിൽതന്നെ വിദ്യാർത്ഥികളുമായി ബന്ധപ്പെടുന്ന എല്ലാ പരീക്ഷാ-പരീക്ഷേതര വിവരങ്ങളും ഉൾപ്പെടുത്തുവാനും ശുപാർശ ചെയ്തു.

3. NIRF, IQAC (University Ranking) എന്നീ പേജുകൾ വെബ്സൈറ്റിന്റെ ഹോം പേജിൽ തന്നെ നൽകുവാൻ യോഗം ശുപാർശ ചെയ്തു.

4. സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ട്, ആക്ട്, റെഗുലേഷൻസ് എന്നിവ ഹോം പേജിൽ ABOUT ൽ നൽകുവാനും, സർവകലാശാലയുടെ ഇന്നേവരെയുള്ള ചരിത്രം (History) ABOUT-ൽ ഉൾപ്പെടുത്തുവാനും, ഇത് തയ്യാറാക്കി നൽകുവാൻ PRO-യെ ചുമതലപ്പെടുത്തുവാനും യോഗം ശുപാർശ ചെയ്തു.

5. സർവകലാശാലാ പഠനവകുപ്പുകളിലെ വെബ്സൈറ്റുകളുടെ അപ്ഡേഷൻ കാലാകാലങ്ങളിൽ നടക്കാത്തതിനാൽ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ പഠനവിഭാഗം മേധാവികളുടെ ഒരു

Draft #2 of File 77887/CONTENT.MGMT 1/2021/CMS Approved by ASSISTANT REGISTRAR V (ADMIN) on 25-May-2021 03:29 PM - Page 2

യോഗം അടിയന്തിരമായി വിളിക്കുവാനും തുടർനടപടികൾ കൈക്കൊള്ളുവാനും യോഗം ശുപാർശ ചെയ്തു.

6. വെബ്സൈറ്റ് അപ്ഡേഷനുമായി ബന്ധപ്പെട്ട് എല്ലാ മാസവും അവലോകന യോഗം വിളിക്കണമെന്ന് യോഗം ശുപാർശ ചെയ്തു.

7. Announcement-ൽ ഓർഡർ നമ്പറുകൾ കൊടുക്കുന്നതിനുപകരം അതുമായി ബന്ധപ്പെട്ട തലക്കെട്ടുകൾ മാത്രം നൽകുവാൻ യോഗം ശുപാർശ ചെയ്തു.

8. ഡെമോ വെബ്സൈറ്റിലെ പുറമേയുള്ള അക്കാദമിക-വിദ്യാർത്ഥികളുടെ ചിത്രങ്ങൾ നീക്കം ചെയ്ത് സർവകലാശാലയിലെ തന്നെ വിദ്യാർത്ഥികളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തുവാനും, സർവകലാശാലയിലെ ക്യാമ്പസ്-അക്കാദമിക-വിദ്യാർത്ഥി സൗഹൃദ ചിത്രങ്ങൾ അടിയന്തിരമായി എടുക്കുവാൻ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ക്രിസ്റ്റഫർ എന്ന അദ്ധ്യാപകനെ ചുമതലപ്പെടുത്തു വാനും, സർവകലാശാലയുടെ 360 ഡിഗ്രി VIRTUAL TOUR ൻറെ ഒരു വീഡിയോ ഹോം പേജിൽ ഉൾപ്പെടുത്തുവാനും യോഗം ശുപാർശ ചെയ്തു.

9. സർവകലാശാലയിലെ അദ്ധ്യാപകരുടേയും, ജീവനക്കാരുടേയും ഇടയിൽ സർവകലാശാലയുമായി ബന്ധപ്പെട്ട് ഒരു PHOTO CONTEST നടത്തുവാൻ യോഗം ശുപാർശ ചെയ്തു. ടി ഫോട്ടോ ലൈബ്രറിയിൽ നിന്നും നല്ല ഫോട്ടോകൾ വെബ്സൈറ്റിലെ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ് എന്ന് യോഗം ശുപാർശ ചെയ്തു.

10. OPPORTUNITIES എന്ന ഒരു പുതിയ ലിങ്ക് വെബ്സൈറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ഒഴിവുകളുടെ വിവരങ്ങൾ കൂടി വെബ്സൈറ്റിൽ ഉൾപ്പെടുത്തിയാൽ വെബ്സൈറ്റിന് കൂടുതൽ സ്വീകാര്യത ലഭിക്കുമെന്ന് യോഗം ശുപാർശ ചെയ്തു.

11. SUB-DOMAIN വെബ്സൈറ്റുകളിൽ ഉള്ള മെമ്പർ ഓഫ് ഫാക്കൽറ്റി എന്ന വാക്കിനു പകരം അക്കാദമിക്സ് എന്നുമാറ്റുവാൻ യോഗം ശുപാർശ ചെയ്തു.

12. സർവകലാശാലയിലെ വിവിധ സ്കൂളുകളുമായി ബന്ധപ്പെട്ട NEWS/EVENTS എന്നിവയുടെ എല്ലാ വിവരങ്ങളും കൃത്യമായി സർവകലാശാല വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യണമെന്ന് യോഗം ശുപാർശ ചെയ്തു.

13. സർവകലാശാലുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിനു പുറമേ യൂട്യൂബ്, ടിറ്റർ എന്നീ പേജുകൾ ആരംഭിക്കുവാനും, ഇതിൻറെ ചുമതല PRO-യ്ക്ക് നൽകുവാനും യോഗം ശുപാർശ ചെയ്തു.

14. സർവകലാശാലയുടെ ഇംഗ്ലീഷ് വെബ്സൈറ്റ് പോലെ തന്നെ മലയാളം വെബ്സൈറ്റിലേയും കൊണ്ടെൻറ്കൾ അപ്ഡേറ്റ് ചെയ്ത് കൊണ്ടുപോകണമെന്ന് യോഗം ശുപാർശ ചെയ്തു.

15. സർവകലാശാലയിൽ ഒരു Content Writer നെ എത്രയും വേഗം നിയമിക്കണമെന്ന് യോഗം ശുപാർശ ചെയ്തു.

16. വെബ്സൈറ്റിൻറെ ഹോം പേജിൽ Announcement-ൽ 7 കണ്ടെന്റുകൾ വരെ static ആയിനിലനിർത്തുവാനും, scroll news ആയി 3 കാര്യങ്ങൾ വരെ പ്രദർശിപ്പിക്കുവാനും യോഗം ശുപാർശ ചെയ്തു.

17. സർവകലാശാലാ അദ്ധ്യാപകരുടെ ബുക്ക്/പബ്ലിക്കേഷൻസ്/പേറ്റൻറുകൾ എന്നിവ വെബ്സൈറ്റിൽ ഉചിതമായ സ്ഥലത്ത് പ്രദർശിപ്പിക്കുവാൻ യോഗം ശുപാർശ ചെയ്തു.

18. റിസൽട്ടുകൾ പ്രസിദ്ധീകരിക്കുന്ന സമയത്ത് സർവകലാശാല വെബ്സൈറ്റ് ഹാങ്ങാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൻറെ നിജസ്ഥിതി മനസിലാക്കുവാനും, ദൂരീകരിക്കുവാനുമായി പീക്ക്

സമയങ്ങളിൽ IPSR-ന് സെർവറിൽ മോണിറ്റർ ചെയ്യുവാനുള്ള ആക്സസ് നൽകുവാൻ യോഗം ശുപാർശ ചെയ്തു.

19. വെബ്സൈറ്റിൻറെ Hardware configuration എന്തൊക്കെയാണെന്ന് സിസ്റ്റം മാനേജർക്ക് IPSR Solutions എത്രയും വേഗം നൽകണമെന്നും യോഗം ശുപാർശ ചെയ്തു. ഇപ്പോഴുള്ള സമാന database, template, software എന്നിവ ഉപയോഗിക്കുന്നതിനാൽ പുതിയതായി സെക്യൂരിറ്റി ഓഡിറ്റിംഗ് ആവശ്യമില്ല എന്ന് IPSR solutions, KTM ഉം, സർവകലാശാല സിസ്റ്റം മാനേജ്മെന്റ് വിഭാഗവും യോഗത്തിൽ അറിയിച്ചു.

20. Resources എന്ന ഒരു പുതിയ പേജിൽ അദ്ധ്യാപകരുടേയും, ജീവനക്കാരുടേയും, പെൻഷൻകാരുടേയും വിവരങ്ങളടങ്ങിയ പോർട്ടലുകൾ ഉൾപെടുത്തുവാനും യോഗം ശുപാർശ ചെയ്തു.

21. വെബ്സൈറ്റിൽ താഴെയുള്ള അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും പ്രതേക വിഭാഗത്തിലെ content-കൾ തയാറാക്കി നൽകുവാൻ ഡോ.രാജേഷ് മണി (SGTDS) നെ ചുമതലപെടുത്തുവാൻ യോഗം ശുപാർശ ചെയ്തു.

ഇക്കാര്യങ്ങളെല്ലാം എത്രയും വേഗം നടപ്പിലാക്കികൊണ്ട് രണ്ടാഴ്ചയ്ക്കുള്ളിൽ ഒരു റിവ്യൂ മീറ്റിംഗ് കൂടി നടത്തിയിട്ട്, കഴിയുന്നതും വേഗം സർവകലാശാലാ വെബ്സൈറ്റ് ഹോസ്റ്റ് ചെയ്യണമെന്ന് യോഗം ഐക്യകണ്ഠേന ശുപാർശ ചെയ്തു.

മേൽ ശുപാർശകൾ പരാമർശം (3) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ചു. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലേഖ ജെ

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

പകർപ്പ്

Website Revamping Committee Members.
PS to Vice Chancellor/Pro Vice Chancellor.
PA to Registrar/FO/CE.
PRO/System Administrator (i/c).
IQAC/CITAD/CETEX sns.
SF/FC/Records.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 77887/CONTENT.MGMT 1/2021/CMS Approved by ASSISTANT REGISTRAR V (ADMIN) on 25-May-2021 03:29 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം